(ഇ) 24-2-2003- ലെ സർക്കാർ ഉത്തരവ് നമ്പർ 113/2003/ധന പ്രകാരം, സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം കണ്ടുപിടിക്കുന്നതിന്റെ ഭാഗമായി, ധനകാര്യ പരിശോധനാ വിഭാഗം സംസ്ഥാനത്തെ വിവിധ ജില്ലാ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ വാഹന പരിശോധന നടത്തുകയും, വാഹന ദുരുപയോഗം ചെയ്തതായി കണ്ടുപിടിക്കപ്പെട്ടവർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

അരയത്തിക്കടവ് തോടിന് കുറുകെ പാലം നിർമ്മിക്കുന്നതിനുള്ള തുക

17 [1734] ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഞാറയ്ക്കൽ നിയോജകമണ്ഡലത്തിലെ പള്ളിപ്പുറം പഞ്ചായത്തിൽ കോവിലകത്തും കടവ് കോൺവെന്റ് റോഡ്, കോൺവെന്റ് ബീച്ച് റോഡ് പാലം നിർമ്മാണം, ഗൗരീശ്വര ക്ഷേത്ര പരിസരത്തിന് കിഴക്ക് അരയത്തിക്കടവ് തോടിനുകുറുകെ പാലം നിർമ്മാണം എന്നീ പണികൾക്കാവശ്യമായ തുക 2005-06 ബഡ്ജറ്റിൽ ജലസേചന വകുപ്പിന്റെ ഹെഡ്ഡിൽ തുക വകയിരുത്തുന്നതിനു പകരം പൊതുമരാമത്ത് വകുപ്പിന്റെ ഹെഡ്ഡിൽ തെറ്റായി വകയിരുത്തിയതിനെ സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ തെറ്റ് തിരുത്തുന്നതിനാവശ്യമായ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യത്തിൽ ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുന്നതിനായി ചീഫ് എഞ്ചിനീയർ ജലസേചന വകുപ്പിന്റെയും, ചീഫ് എഞ്ചിനീയർ, റോഡ്സ് ആന്റ് ബ്രിഡ്ജസിന്റെയും റിപ്പോർട്ടുകൾ വരുത്തി പരിശോധിക്കേണ്ടതുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട്

18 [1735] ശ്രീ. ടി. എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഏതെല്ലാം സ്ഥാപനങ്ങളുടെ ഓഡിറ്റ് ആണ് നടത്തുന്നത് ;

(ബി) ത്രിതല പഞ്ചായത്തുകളിൽ 1994-നുശേഷം നടത്തിയ ഓഡിറ്റിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly